**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 187** **14-09-2023 - ൽ മറുപടിയ്ക്ക്**

**ഉയർന്ന നിരക്കിൽ വൈദ്യുതി വാങ്ങാനുള്ള തീരുമാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. രമ,<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. സി. ആർ. മഹേഷ്,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | കുറഞ്ഞ നിരക്കിൽ വൈദ്യുതി വാങ്ങാനുള്ള ദീർഘകാല കരാറുകൾ റദ്ദാക്കി സ്വകാര്യ കമ്പനികളിൽ നിന്നും ഉയർന്ന നിരക്കിൽ വൈദ്യുതി വാങ്ങാൻ കെ.എസ്.ഇ.ബി. റഗുലേറ്ററി കമ്മീഷന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; | (എ) | ഇല്ല. ദീർഘകാല വൈദ്യുതി കരാറുകൾ റദ്ദാക്കിയത് സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷനാണ്. ദീർഘകാല കരാറുകൾ റദ്ദാക്കിയ റഗുലേറ്ററി കമ്മീഷന്റെ നടപടിക്കെതിരെ കെ.എസ്.ഇ .ബി.എൽ സമർപ്പിച്ച അപ്പീൽ അപ്പലേറ്റ് ട്രിബ്യൂണൽ ഫോർ ഇലക്ട്രിസിറ്റി (APTEL) -യുടെ പരിഗണനയിലാണ്. ദീർഘകാല കരാർ റദ്ദാക്കിയതു മൂലവും കാലവർഷത്തിന്റെ കുറവും കാലാവസ്ഥാ വ്യതിയാനം മൂലം ഉപഭോഗം കൂടിയതു മൂലവും ഉണ്ടായ നിലവിലെ വൈദ്യുതി പ്രതിസന്ധി മറികടക്കുന്നതിന് 250 മെഗാവാട്ടിനായുള്ള ഹ്രസ്വകാല കരാർ കമ്മീഷന്റെ അനുമതിയ്ക്കായി അപേക്ഷ സമർപ്പിക്കുകയും അനുമതി ലഭിയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇതു കൂടാതെ വൈദ്യുതി ലഭ്യതയിലുള്ള കുറവ് നികത്താനായി വൈദ്യുതി വാങ്ങുന്നതിനുള്ള ടെൻഡർ നടപടിക്രമങ്ങൾ പുരോഗമിക്കു കയാണ്. |
| (ബി) | സ്വകാര്യ കമ്പനികൾക്ക് കോടികളുടെ ലാഭമുണ്ടാക്കാനുള്ള കെ.എസ്.ഇ.ബി. യുടെയും റഗുലേറ്ററി കമ്മീഷന്റെയും നീക്കത്തിന്റെ ഭാഗമാണ് ഈ നടപടി എന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; | (ബി) | ആക്ഷേപത്തിന് അടിസ്ഥാനമില്ല. |
| (സി) | കുറഞ്ഞ തുകയ്ക്ക് വൈദ്യുതി വാങ്ങിയിരുന്ന അതേ കമ്പനികളിൽ നിന്ന് കൂടിയ നിരക്കിൽ വൈദ്യുതി വാങ്ങാനൊരുങ്ങുന്നത് കാരണം കെ.എസ്.ഇ.ബി. പ്രതിമാസം കുറഞ്ഞത് 90 കോടി രൂപയുടെ അധിക ബാദ്ധ്യത വരുത്തുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2014-15 കാലയളവിൽ ഒപ്പ് വച്ച ദീർഘകാല കരാറുകൾക്ക് അംഗീകാരം നൽകണമെന്ന കെ.എസ്.ഇ. ബി.എൽ-ന്റെ ആവശ്യം നിരസിച്ചുകൊണ്ട് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 10.05.2023-ൽ ഉത്തരവ് പുറപ്പെടുവിച്ചു. കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമുള്ള നടപടി ക്രമങ്ങളും ടെണ്ടർ നടപടി ക്രമങ്ങളും പാലിക്കുന്നതിൽ കെ.എസ്.ഇ.ബി.എൽ വീഴ്ച വരുത്തിയതിനാലാണ് |

| | | | |
|---|---|---|---|
| | | | കരാറുകൾ അംഗീകരിക്കാതിരിക്കുവാനുള്ള കാരണമായി കമ്മീഷൻ ഉത്തരവിൽ പരാമർശിക്കുന്നത്. സുതാര്യമായ ടെണ്ടർ നടപടി ക്രമങ്ങൾ എല്ലാം പാലിച്ചുകൊണ്ട് റഗുലേറ്ററി കമ്മീഷൻ അനുമതിയോടെയാണ് വൈദ്യുതി വാങ്ങൽ കരാറുകളിൽ ഏർപ്പെടുന്നത്. |

സെക്ഷൻ ഓഫീസർ